# ഷീ പാഡ് പദ്ധതി – രൂപരേഖ– 2021–22

സ്ത്രീകളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥിനി കൾക്ക് സാനിട്ടറി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ പ്രകൃതിക്ക് ദോഷകരമ ല്ലാത്ത രീതിയിൽ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, സാനിട്ടറി നാപ്കിനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ വിതരണം ചെയ്യുന്ന **'ഷീ പാഡ്'** എന്ന സർക്കാർ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം വനിതാ വിക സന കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

സംസ്ഥാന സർക്കാർ ഉത്തരവിന്റെ (നം. 280/16/ത.സ്വ.വ. തീയതി 25.01.16) അടിസ്ഥാ നത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെ ടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി ഇക്കഴിഞ്ഞ 2017–18 മുതൽ 2020–21 വരെ യുള്ള അദ്ധ്യയന വർഷങ്ങളിൽ 376 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മേൽ പ്രതി പാദിച്ച രീതിയിൽ കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കി കഴിഞ്ഞു.

ഷീ പാഡ് പദ്ധതിയുടെ പ്രത്യേകതകൾ താഴെപ്പറയുന്നു.

1) ഷീ പാഡ് പദ്ധതിയിലൂടെ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുക ളിലെ 6–ാം ക്ലാസ്സിനും 12–ാം ക്ലാസ്സിനും മദ്ധ്യേ പഠിക്കുന്ന എല്ലാ വിദ്യാർത്ഥി നികൾക്കും ദേശം, ഭാഷ, സാമ്പത്തിക സ്ഥിതി എന്നിവയ്ക്കതീതമായി ഗുണ മേന്മയേറിയ, ഒരേതരത്തിലുള്ള സാനിറ്ററി പാഡ് ലഭ്യമാക്കുന്നു.

2) സമയാസമയങ്ങളിൽ വിതരണം ചെയ്യുന്ന പാഡുകളുടെ ഗുണമേന്മ NABL Accreditation ഉള്ള ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പാക്കുന്നത് ഒരു തുടർ പ്രക്രിയ ആയിരിക്കും.

3) ഉപയോഗിച്ച നാപ്കിൻ പരമാവധി പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ നശിപ്പിക്കുന്ന രീതിയിലുള്ള നാപ്കിൻ ഇൻസിനറേറ്റർ ആണ് വിതരണം ചെയ്യുന്നത്. പരമാവധി 100 മുതൽ 200 പാഡുകൾ വരെ ഒരു ദിവസം ഈ ഇൻസിനറേറ്ററിൽ നശിപ്പിക്കാൻ കഴിയും.

4) പദ്ധതി പ്രകാരം നാപ്കിനുകൾ സൂക്ഷിക്കുന്നതിന് വേണ്ടി സ്റ്റീൽ അലമാര ആണ് നൽകി വരുന്നത്.

5) ഷീ പാഡ് പദ്ധതിയിൽ വെണ്ടിംഗ് മെഷീനുകൾ നൽകുന്നത് പ്രോത്സാഹിപ്പി ക്കുന്നില്ല. ആയതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.
   എ) ഏതെങ്കിലും കമ്പനിയുടെ വെണ്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പക്ഷം അതിനു ചേരുന്ന സാനിട്ടറി പാഡുകൾ മാത്രമേ ഏല്ലാ കാലത്തും വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. തന്മൂലം വിതരണ ത്തിനായി സാനിട്ടറി പാഡുകളുടെ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനമായി മാറേണ്ട ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, വലിപ്പം, എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ സാധി ക്കാതെ വരും. മാത്രമല്ല, കാലാകാലങ്ങളിൽ ഗവേഷണ ഫല ങ്ങളുൾക്കൊള്ളിച്ചു കൊണ്ട് കൂടുതൽ ഗുണമുള്ള ഉത്പന്നങ്ങൾ ഉൾപ്പെ ടുത്തുന്നതിനും സാധിക്കാതെ വരും.

ബി) വെണ്ടിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിലേക്ക് കോയിൻ/ടോക്കണുകൾ പ്രത്യേകമായി ഉപയോഗിക്കേണ്ടി വരും.

സി) ചുമതലയുള്ള അധ്യാപികയോ ഒരു വിദ്യാർത്ഥി കൗൺസിലറോ അലമാരയിൽ നിന്നും നാപ്കിൻ ലഭ്യമാക്കുമ്പോൾ കൗമാരക്കാരിയായ ഒരു പെൺകുട്ടിയ്ക്ക് ആർത്തവവുമായി ബന്ധപ്പെട്ട സംശയങ്ങൾ ഒരു മുതിർന്ന വ്യക്തിയോട് ചോദിക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നുണ്ട്. നേരിട്ട് ശേഖരിക്കുമ്പോൾ ഇപ്രകാരമുള്ള സൗകര്യം നിഷേധിക്കപ്പെടും.

6) പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ വിദ്യാർത്ഥിനികൾക്കും ആർത്തവശുചിത്വ അവബോധം ലഭിക്കുന്നതിന് ആർത്തവ സംബന്ധമായ വിവരങ്ങളടങ്ങിയ പ്രത്യേകം തയ്യാറാക്കിയ ലഘുലേഖയും, ക്ലാസ്സുകളും നൽകുന്നു.

ആയതിനാൽ ജില്ലയിലെ/പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി പാഡും അവ സൂക്ഷിക്കുന്നതിനുള്ള അലമാരയും, ഇൻസിനറേറ്ററും വാങ്ങി നൽകുന്നതിനുള്ള പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ (29/01/2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 11/2018/തസ്വഭ) ഉൾപ്പെടുത്തി കോർപ്പറേഷന് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

- 200 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ (200 : 1)
- ഒരു വിദ്യാർത്ഥിനിക്ക് ഒരു മാസം രണ്ടു പാക്കറ്റ് പാഡ് (1 : 2)
- 1000 പാക്കറ്റ് സാനിട്ടറി നാപ്കിൻ ഒരു അലമാര (1000 : 1)

7) ഷീ പാഡ് പദ്ധതി പ്രകാരം നൽകുന്ന സാധനങ്ങളുടെ വില ഇപ്രകാരമാണ് (PMC ഉൾപ്പെടെ). **

- ഇൻസിനറേറ്റർ ഒരെണ്ണം – 25,168/–
- അലമാര ഒരെണ്ണം – 13,664/–
- സാനിട്ടറി പാഡ് ഒരു പാക്കറ്റ് (7 പാഡ്) – 16.71/–

കോർപ്പറേഷന് പദ്ധതിപ്പണം നൽകുന്നപക്ഷം 'ഷീ പാഡ്' പദ്ധതിയിൽ കോർപ്പറേഷൻ നൽകി വരുന്ന ഗുണമേന്മയേറിയ സാനിട്ടറി പാഡും, അലമാരയും ഇൻസിനറേറ്ററും, സ്കൂളുകളിൽ വിതരണം ചെയ്യാൻ സന്നദ്ധമാണെന്ന് അറിയിച്ചുകൊള്ളുന്നു. പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്കൂളുകളുടെ മേൽവിലാസം, ഓരോ സ്കൂളിൽ നിന്നും ഒരു ടീച്ചർ കോ–ഓർഡിനേറ്ററുടെ ഫോൺ നമ്പർ, സാനിട്ടറി പാഡ് ഉപയോഗിക്കുന്ന കുട്ടികളുടെ ആകെ എണ്ണം മുതലായവ കോർപ്പറേഷനെ അറിയിക്കുന്നതിനുള്ള പ്രൊഫോർമ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പൂരിപ്പിച്ച് കാലതാമസം വിന തിരികെ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

ജില്ല :

ഇംപ്ലിമെന്റിംഗ് ഓഫീസർ :

ഫോൺ നമ്പർ :

ആകെ പദ്ധതി വിഹിതം :

പദ്ധതിക്കായി നൽകിയ തുക & തീയതി :

ആദ്യ ഗഡു (%) :

| ക്രമ നം. | സ്കൂളിന്റെ പേര് & വിലാസം | ഷീ പാഡ് ആവശ്യമുള്ള വിദ്യാർത്ഥിനികൾ (എണ്ണം) | ആവശ്യമുള്ള ഇൻസിനറേറ്റർ (എണ്ണം) | അലമാര (എണ്ണം) | ആവശ്യമായ ഷീ പാഡ് പാക്കറ്റുകൾ (എണ്ണം) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

(ഒപ്പ്)

(സീൽ)

പഞ്ചായത്ത് സെക്രട്ടറി/ഇംപ്ലിമെന്റിംഗ് ഓഫീസർ

# ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

(സ.ഉ(കൈ) നം.11/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 29.01.2018)

**6.3 വനിതാഘടക പദ്ധതി**

(1) വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ് [ഖണ്ഡിക 5.4.1 (10) കാണുക]. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. ജൻഡർ ബജറ്റിംഗ് അഭികാമ്യമായിരിക്കും. പൊതുമാർഗ നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

(2) ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. ഇതിനായി കുടുംബശ്രീയുടെ അംഗീകാരമുള്ള ഏജൻസികൾ/ സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(3) സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പുറമെ, ലേബർ ബാങ്ക്, സ്വയംതൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണന ത്തിന് വിപണനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്.

(4) ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭമെന്ന രീതിയിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്. വായ്പാ ബന്ധിതമായി നടപ്പാക്കാവുന്ന ഇത്തരം പ്രോജക്ടുകൾ കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.

(5) ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധ ചെലുത്തണം.

(6) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമരഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(7) യു.പി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി സ്ക്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം 'നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ' സ്ഥാപിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗരേഖ അവലംബിച്ചു വേണം യൂണിറ്റുകൾ സ്ഥാപിക്കേണ്ടത്.

(8) പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ട, ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും വനിതകൾക്ക് പരിശീലനം നൽകുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തു കൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(9) വനിതകൾക്ക് യോഗപരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്ക് ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഏറ്റെടുക്കാവുന്നതാണ്.

(10) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ സംബന്ധിച്ച സ്പഷ്ടീകരണം.

(i) സ്ത്രീകൾ ധാരാളമായി എത്തുന്ന തദ്ദേശഭരണ സ്ഥാപന ഓഫീസ്, ആശുപത്രികൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ നിന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിട

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 280 /16/തസ്വഭവ

തിരുവനന്തപുരം, തീയതി 25. 01.2016

പരാമർശം - (1) 22.12.2015-ലെ കേരള വനിതവികസന കോർപ്പറേഷന്റെ KSWDC/P5/EOI/IM/2014-2015 നമ്പർ കത്ത്.

(2) 29/12/2015-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.3 തീരുമാനം.

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി തിരുവനന്തപുരംജില്ലയിൽപൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി പരിഗണിക്കുകയും ഇത് മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ വനിതാ വികസന കോർപ്പറേഷൻ ആവശ്യപ്പെടുകയുണ്ടായി. പരാമർശം (2)-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രസ്തുത നിർദ്ദേശം പരിഗണിക്കുകയും ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് സാനിറ്ററി നാപ്കിൻ (ഷീ പാഡ്), ആവശ്യാനുസാരണം മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളത്തിൽ ഉടനീളം വിതരണം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വനിത ഘടകത്തിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അതോടൊപ്പം ഇക്കാര്യത്തിൽ വേണ്ടിവരുന്ന തുകയുടെ

50% വനിത വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം ബാക്കി തുക അനുവദിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ടി.ജെ. ഉണ്ണികൃഷ്ണൻ
ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതവികസന കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Manjeet

സെക്ഷൻ ഓഫീസർ